(ബി) പദ്ധതിയുടെ സർവ്വെ പൂർത്തീകരിക്കുകയും P&MP Act സെക്ഷൻ 6(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പദ്ധതിയുടെ ആകെ നിർമ്മാണച്ചെലവ് 3263 കോടി രൂപയാണ്. പൈപ്പും മറ്റ് സാമഗ്രികളും സമാഹരിക്കുന്നതിനും പൈപ്പ് ലൈൻ റൂട്ടിലുള്ള ഗെയിൽ സ്റ്റേഷനുകൾക്കുവേണ്ടിയും ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയ തുകയും ഉൾപ്പെടെ ഇതുവരെ ഏകദേശം 2400 കോടി രൂപ ചെലവഴിച്ചു.

(ഡി) സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിയാണ് മുഖ്യമായ ലക്ഷ്യം. ഭാവിയിലെ ഊർജ്ജസ്രോതസ്സായ പ്രകൃതി വാതകം സംസ്ഥാനത്ത് ലഭ്യമാക്കുന്നതുവഴി ഗെയിൽ പൈപ്പ് ലൈൻ സംസ്ഥാനത്തിന്റെ ഒരു വ്യാവസായിക ഇടനാഴിയായി രൂപപ്പെടുകയും വളരെയധികം വ്യവസായങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കപ്പെടുകയും ചെയ്യും. മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് അന്തരീക്ഷമലിനീകരണം വളരെ കുറവായതുമൂലം ഇത് ഹരിത ഇന്ധനം എന്നറിയപ്പെടുന്നു. താരതമ്യേന വിലകുറഞ്ഞ ഈ വാതകം വീടുകളിലേയ്ക്ക് പൈപ്പ് ലൈനിലൂടെ ഇടതടവില്ലാതെ എത്തിക്കുക എന്നതാണ് ഇതിന്റെ മറ്റൊരു ലക്ഷ്യം. കൂടാതെ വാഹനങ്ങൾക്ക് ഇന്ധനമായും, വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ഈ വാതകം ഉപയോഗിക്കാൻ സാധിക്കും. കേരളത്തിൽ ഇപ്പോൾ നിലവിലുള്ള പാചകവാതകക്ഷാമം പരിഹരിക്കുവാൻ എൽ.പി.ജി.-യെക്കാൾ ചെലവുകുറഞ്ഞ പ്രകൃതിവാതകത്തിന് ഒരു പരിധിവരെ സാധിക്കും. കേരളത്തിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ നഗരങ്ങളിലെയും വീടുകളിൽ പൈപ്പിലൂടെയുള്ള പ്രകൃതിവാതക വിതരണവും (PNG), വാഹനങ്ങളിൽ പെട്രോൾ, ഡീസൽ എന്നിവയേക്കാൾ ചെലവ് കുറഞ്ഞ ഇന്ധനവിതരണവും (CNG) ഈ പദ്ധതിവഴി ലക്ഷ്യമിടുന്നുണ്ട്.

നിക്ഷേപ സംഗമ മേളകൾ

155(2356) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നിക്ഷേപം കൊണ്ടുവരുന്നതിന് നടത്തിയ മേളകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം പദ്ധതികളാണ് നിക്ഷേപം കൊണ്ടുവരുന്നതിന് നടത്തിയതെന്നും ഇതുമൂലം ഉദ്ദേശിച്ച നിക്ഷേപങ്ങൾ എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതികളിൽക്കൂടി ഉദ്ദേശിച്ചതിന്റെ എത്ര ശതമാനം നിക്ഷേപം നേടുന്നതിന് സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നിക്ഷേപ സംഗമ മേളകൾ പൊതുധനം ധൂർത്തടിക്കുന്നതിനുള്ള സംരംഭങ്ങൾ മാത്രമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ-സി) 2012 സെപ്റ്റംബർ 12 മുതൽ 14 വരെ സർക്കാർ കെ.എസ്. ഐ.ഡി.സി. മുഖേന നടത്തിയ എമർജിങ് കേരള പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിരുന്നു. കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനുമുന്നിൽ അവതരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് എമർജിങ് കേരള സംഗമം സംഘടിപ്പിച്ചത്. ദീർഘകാലാടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിങ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു. എമർജിങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23,334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയുംകൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നിക്ഷേപ സംഗമം

156(2357) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നടന്ന ഓരോ നിക്ഷേപ സംഗമത്തിലും ലക്ഷ്യമിട്ട നിക്ഷേപം എത്രയെന്നും ഓരോന്നിലും അതത് വർഷം ലഭ്യമായ നിക്ഷേപം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ നിക്ഷേപ സംഗമം നടത്തുന്നതിനും എത്ര പൊതു ധനം ഉപയോഗിച്ചിട്ടുണ്ടെന്ന് മേളകളുടെ പേരുസഹിതം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly